# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

No. 1312 /R2/2025/KDRB

തിരുവനന്തപുരം
09.09.2025

## അറിയിപ്പ്

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം ചെയ്ത ഗുരുവായൂർ ദേവസ്വത്തിലെ കീഴേടം ക്ഷേത്രങ്ങളിലെ ശാന്തിക്കാർ (കാറ്റഗറി നം. 013/2025), കൃഷ്ണനാട്ടം കോസ്റ്റ്യൂം മേക്കർ ആശാൻ (കാറ്റഗറി നം. 16/2025), താളം പ്ലേയർ (ക്ഷേത്രം) (കാറ്റഗറി നം. 19/2025), ടീച്ചർ (മദ്ദളം) വാദ്യവിദ്യാലയം (കാറ്റഗറി നം. 020/2025), ടീച്ചർ (തിമില) വാദ്യവിദ്യാലയം (കാറ്റഗറി നം.21/2025), അസിസ്റ്റൻറ് ലൈബ്രേറിയൻ ഗ്രേഡ് I (കാറ്റഗറി നം. 24/2025), ആനച്ചമയ സഹായി (കാറ്റഗറി നം. 023/2025) എന്നീ തസ്തികകളുടെ തെരഞ്ഞെടുപ്പിനായി അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾ പേര്, വയസ്സ്, മേൽവിലാസം, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തിപരിചയം, ജാതി സംവരണം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ തെളിയിക്കുന്ന അസ്സൽ പ്രമാണങ്ങൾ 2025 സെപ്റ്റംബർ 12 തീയതിക്കകം പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് SMS വഴി അറിയിപ്പ് നൽകിയിട്ടുണ്ട്. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുന്ന സമയത്ത് ഉദ്യോഗാർത്ഥികൾ പ്രസ്തുത അസ്സൽ പ്രമാണങ്ങൾ ഹാജരാക്കേണ്ടതാണ്. ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലെ Applications- Document Upload എന്ന ലിങ്ക് മുഖേന പ്രമാണങ്ങൾ upload ചെയ്യാവുന്നതാണ്.

മേൽപ്രകാരമുള്ള പ്രമാണങ്ങൾ നേരിട്ട് സ്വീകരിക്കുന്നതല്ല. 2025 സെപ്റ്റംബർ 12 തീയതിക്കകം ഉദ്യോഗാർത്ഥികൾ അവരവരുടെ പ്രൊഫൈലിൽ upload ചെയ്യുന്ന പ്രമാണങ്ങൾ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പരിഗണിക്കുകയുള്ളൂ. യാതൊരു കാരണവശാലും പ്രമാണങ്ങൾ upload ചെയ്യുന്നതിനുള്ള സമയപരിധി നീട്ടി നല്കുന്നതല്ല .

ഒപ്പ്/-
സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്